# Weekly - Devotion - April 2018
# Regarded the Face-Why?

## മുഖം ആദരിച്ചു - എന്തുകൊണ്ട്



പ്രസിദ്ധി ലഭിക്കുന്നതും, പ്രസിദ്ധി ആഗ്രഹിച്ച് പ്രസിദ്ധി നേടുന്നുതും തമ്മിൽ വ്യത്യാസമുണ്ട്. ഒന്നാമത്തെക്കൂട്ടർ ദൈവത്തോടും മനുഷ്യരോടുമുള്ള ഉത്തരവാദിത്തം എറ്റം ഭംഗിയായി ചെയ്യുന്നവരാണ്. അവർ പ്രശസ്തിക്കായി ഒന്നും ചെയ്യാറില്ല. ദൈവഹിതമല്ലാത്തവ ഉപേക്ഷിച്ച് ദൈവത്തെ അനുസരിക്കുന്നവരെത്തേടി പ്രശസ്തി എത്തുന്നു. രണ്ടാമത്തെ കൂട്ടർ ദൈവം കൂടെയുണ്ടാകണം എന്നാഗ്രഹിക്കാതെ സ്വന്ത ഇഷ്ടത്തിന് നടക്കുന്നവരാകുന്നു.1 രാജാ : (3-14) ൽ യെഹോശാഫാത്തിന്റെ മുഖം ആദരിച്ചതു കൊണ്ടാണ് ഏലിശ യഹോവയുടെ അരുളപ്പാട് തന്റെ അടുക്കലെത്തിയവരെ അറിയിച്ചത്.

### എന്താണ് ഈ ആദരവിന്റെ കാരണം

1) പിതാവായ ദാവിദും ദൈവുമായുള്ള ബന്ധത്തെ പിൻപറ്റി ധൈര്യമുള്ള ഒരു നേതാവായിട്ടാണ് യെഹോശാഫാത്ത് പ്രവത്തിച്ചത്. ദൈവത്തെ അനേഷിക്കുകയും, ദൈവത്തെ അനുസരിക്കുകയും ചെയ്യുകമാത്രമല്ല ബാൽ വിഗ്രഹങ്ങളെ ആശ്രയിക്കാത്തവനുമാകയാൽ യഹോവ അവനോടുകുടെ ഉണ്ടായിരുന്നു. രാജത്വം നൽകി യഹോവ അദ്ദേഹത്തെ മാനിച്ചതു കുടാതെ ധനവും മാനവും മൃഗസമ്പത്തും നൽകി അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു. Read 2 ദിന : (17: 3-6)

2) ദൈവത്തെ അനുസരിക്കുന്നവനെ ദൈവം അനുഗ്രഹിക്കുന്നവനെ നോട്ടം ഇടുന്നവനാണ് സാത്താൽ അപ്രകാരം സാത്താന്റെ പിടിയിലായി വിഴ്ച സംഭവിച്ച ആളാണ് ശിംശോൻ. സോരക് താഴ്വരയിലേക്കുള്ള അവന്റെ യാത്ര വഴിതെറ്റിച്ചു. മഹാശക്തി അവനിലുള്ളതു കൊണ്ട് സാത്താൻ അത് നശിപ്പിക്കുവാൻ ദെലില എന്ന സ്ത്രയെ ഉപയോഗിച്ചു. അവൾ അവനെ മടിയിൽ ഉറക്കി അവനെ ഒതുക്കി (ന്യായാ : 16: 9)

യെഹോശാഫാത്തിനെ സാത്താൻ ഒതുക്കിയത് ആഹാബിന്റെ കുടുംബവുമായിട്ടുള്ള വിവാഹബന്ധത്തിലാരംഭിച്ചു. ആഹാബിന്റെയും ബാൽവിഗ്രഹാരാധിയായ ഇസബേലിന്റെയും മകളെ അവൻ വിവാഹം ചെയ്തു.

Read 1 രാജ : (8,17,18)

3) തുടർന്ന് ഒരു വ്യക്തിയുടെ ബലഹീനത കണ്ടെത്തി ഒതുക്കുന്ന സാത്താൻ യെഹോശാഫാത്തിനും കുടെയുള്ളവർക്കും വേണ്ടി വളരെ ആടുകളെ അറുത്തു. അങ്ങനെ ബന്ധം ദൃഢമാക്കി

4) ബന്ധം ദൃഢമായപ്പോൾ (2 ദിന 18: 2) രണ്ടു പ്രാവശ്യം ഒന്നിച്ച് യുദ്ധം ചെയ്യുവാൻ തയാറെടുത്തു. അപ്പോഴും യഹുദാരാജാവായ യെഹോശാഫാത്ത് യഹോവയുടെ അരുളപ്പാടിനെ അന്വേഷിച്ചു, ഗ്രഹിച്ചു Read 2 ദിന (18:6) , 1 രാജാ : (3: 11)

5) വാണിജ്യ വ്യവസായ ബന്ധത്തിനാഗ്രഹിച്ച് ദുഷ്ടന്മാരോടൊപ്പം കൂടി. എങ്കിലും ദൈവം പ്രവർത്തിച്ചതിനാൽ അത് തടയപ്പെട്ടു. (1 രാജാ : (28: 48,49)

6) താൻ കുടെയുണ്ടായിരുന്നവനെ, സാത്താൻ തകർക്കുന്നത് അനുവദിക്കുന്നവനല്ല ദൈവം. യേഹൂദർശകൻ മുഖാന്തരം തെറ്റ് ചുണ്ടിക്കാട്ടി അവൻ തെറ്റുതിരുത്തി. ഇത് ഒരു നല്ല നേതാവിന്റെ ലക്ഷണമാണ് (2 ദിന 19:6-8,11) മനുഷ്യർക്കു വേണ്ടിയല്ല യഹോവയ്ക്കു വേണ്ടി പ്രവർത്തിപ്പാൻ ന്യായാധിപൻമാരേയും യഹോവയെ ഭയപ്പെട്ട് വിശ്വസ്തയോടും, നീതിയോടും മുഖപക്ഷമില്ലാതെ പ്രവർത്തിപ്പാൻ ലേവ്യരെയും, മഹാപുരോഹിതന്മാരെയും ധൈര്യപ്പെടുത്തി.

7) തെറ്റ് തിരുത്തി ജീവിക്കുന്നവരെ സാത്താനിഷ്ടമല്ല മൂന്ന് കൂട്ടർ ചേർന്ന് യുദ്ധത്തിനെത്തി. ഇവിടെ യെഹോശാഫാത്ത് തന്റെ ജനത്തോടെപ്പം ഉപവസിച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥന കേട്ട ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്തു. ആ യുദ്ധം യഹോവയുടേതാകയാൽ സാത്താൻ തകർന്നു തരിപ്പണമായി 2 ദിന:(20) Read

8) ഇതിനെല്ലാം പുറമേ യെഹോശാഫാത്തിനെ മാനിച്ചത് പിതാവായ ദാവീദിനോടു ചെയ്ത സത്യത്തെ ഓർത്താണ്

പ്രിയരേ! നമ്മുടെ ജീവിതത്തെ കണ്ട് നമ്മോടു വാഗ്ദത്തം ചെയ്തവൻ നമ്മുടെ തലമുറയെ മാനിക്കുമോ? തെറ്റ് വചനപ്രകാരം ചൂണ്ടിക്കാണ്ടിക്കുമ്പോൾ തിരുത്തുവാൻ തയാറാകുമോ? തെറ്റ് സമ്മതിക്കുന്നതും, തിരുത്തുന്നതും ഒരു നല്ല ദൈവ പൈതലിന്റെ ലക്ഷണമാണ്. യഹോവ ഇഷ്ടപ്പെട്ടവനാകയാലാണ് ഏലിശ യെഹോശാഫാത്തിന്റെ മുഖം മാനിച്ചത്.

"Show respect to God because"
"He is incharge of everythings"

**ദൈവത്തെ സ്നേഹിച്ച്,മാനിച്ച് മുന്നേറുവാൻ ദൈവം നമ്മളെ സഹായിക്കട്ടെ**

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind